(ഇ) എങ്കിൽ എച്ച്.എസ്.എ. ഭൂമിശാസ്ത്രം അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനും ഈ തസ്തികയിൽ ഭൂമിശാസ്ത്ര വിഷയത്തിൽ യോഗ്യത നേടിയവരെ മാത്രം നിയമിക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുമോ;

(എഫ്) സയൻസ് വിഷയങ്ങളിൽ നിലവിലുള്ളതുപോലെ ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലും ഇന്റേണൽ റേഷ്യോ 2 : 3 നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ വിഷയങ്ങൾക്കും തുല്യ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്.

(ബി) 19-7-2005-ലെ ജി. ഒ. (പി) നമ്പർ 220/05/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

(ഇ & എഫ്) ഇപ്പോൾ പരിഗണനയിലില്ല.

സ്കൂളുകളിൽ കലാപഠനത്തിന് നടപടി

146 [2394] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ;
,, റോഷി അഗസ്റ്റിൻ: തഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പാഠ്യപദ്ധതി പാർട്ട് രണ്ട് പ്രകാരം സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ കലാപഠനത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഭൂരിപക്ഷം സ്കൂളുകളിലും കലാദ്ധ്യാപകരുടെ തസ്തിക നിലവിൽ ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുട്ടികളുടെ കലാപഠനം സുഗമമായി നടക്കുന്നതിന് എല്ലാ വിദ്യാലയങ്ങളിലും കലാദ്ധ്യാപകരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) പുതിയ പാഠ്യപദ്ധതിയിൽ പൊതു പരീക്ഷയ്ക്ക് ഇതുവരെ പാർട്ട് രണ്ട് ഉൾപ്പെടുത്തിയിട്ടില്ല.

(സി & ഡി) കെ.ഇ.ആർ.-ലെ വ്യവസ്ഥകളനുസരിച്ച് അർഹതയുള്ള സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തിക അനുവദിക്കുന്നുണ്ട്.

കുട്ടികളിൽ വായനാശീലം വളർത്താൻ ബോധവൽക്കരണം

147 [2399] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ അതിപ്രസരംമൂലം കുട്ടികളിൽ വായനാശീലം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കുട്ടികളിൽ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽകരണം നടത്തുന്നതിന് വിദ്യാലയങ്ങളോടനുബന്ധിച്ച് ഓരോ കേന്ദ്രം തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് സ്കൂൾതലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും സ്കൂൾലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്.

(സി) കുട്ടികളിൽ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് ഇപ്പോൾതന്നെ സ്കൂൾതലത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. അതിലേക്കായി ഒരു പ്രത്യേക കേന്ദ്രം തുറക്കേണ്ടതിന്റെ ആവശ്യമില്ല.

എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേഡിംഗ് മുഖേനയുള്ള മൂല്യനിർണ്ണയം

148 [2405] ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, വി. ഡി. സതീശൻ:
,, ലൂഡി ലൂയിസ്:
,, വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേഡിംഗ് മുഖേനയുള്ള മൂല്യനിർണ്ണയത്തിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളോ പാഴ്ച്ചെലവുകളോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) ഇവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇക്കാര്യത്തിൽ പ്രത്യേക പ്രായോഗിക ബുദ്ധിമുട്ടുകളോ പാഴ്ച്ചെലവുകളോ ഉണ്ടായിട്ടില്ല.

(ബി) പ്രസക്തമല്ല.

കോളേജുകളിലും സ്കൂളുകളിലും പ്രവർത്തിക്കുന്ന പാരന്റ് ടീച്ചേഴ്സ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ

149 [2409] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly